# മലബാറിലേക്ക്

സി. ജെ. തോമസ്



മലബാറിലേക്ക്
സി. ജെ. തോമസ്
(മലയാളം: ലേഖനം)

© 2022, C. J. Thomas

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Brünnhilde on Grane leaps, a painting by Arthur Rackham (1867–1939). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# മലബാറിലേക്ക്

നന്ദരാജാക്കന്മാരുടെ കാലത്ത്, ഒരു പെൺകുട്ടിക്ക് അൽപാല്പമായി വിഷംകൊടുത്ത് അവളുടെ ശരീരം മുഴുവനും വിഷപൂർണ്ണമാക്കിത്തീർത്തുവെന്ന് ഐതിഹ്യം പറയുന്നു. വിഷത്തിന്റെ ശക്തികൊണ്ട്, അവൾ ആരെയെങ്കിലും ആശ്ലേഷിച്ചാൽ അയാൾ വിഷബാധയേറ്റ മരിച്ചുപോകുമത്രേ. ഇതു ചന്ദ്രഗുപ്തനെ വധിക്കുവാൻ കണ്ടുപിടിച്ച ഒരുപായവുമായിരുന്നു. ഇങ്ങനെയൊരു വിഷകന്യകയാണ് ശ്രീ. പൊറ്റേക്കാട്ടിന്റെ പുതിയ നോവലിലെ പ്രതിപാദ്യം. ഒരു പെണ്ണിന്റെ പടം പുറം ചട്ടയിൽ കൊടുത്തിട്ടുണ്ട്, അകത്തുള്ള ഒരു മാധവിയുടെ പ്രതിബിംബമായിട്ട്. അതല്ല പൊറ്റേക്കാട്ടിന്റെ വിഷകന്യക. മാധവി ഒരു പ്രതീകം മാത്രമാണ്. യഥാർത്ഥ വിഷകന്യക മാധവിയുടെ പുറകിൽ നിരന്നു നിവർന്നു കിടക്കുന്ന പശ്ചാത്തലമാണ്. വർണ്ണനാചാതുരിയിൽ വിദഗ്ദ്ധമായ പൊറ്റേക്കാട്ടിന്റെ തൂലിക മലബാറിലെ തരിശുനിലങ്ങളെ സ്തുത്യർഹമാംവണ്ണം ചിത്രീകരിച്ചിട്ടുണ്ട്. അവയുടെ സസ്യശ്യാമളമായ അന്തരീക്ഷവും ഫലഭൂയിഷ്ഠമായ മണ്ണും എല്ലാം വിഷകന്യകയുടെ വശീകരണോപായങ്ങളാണ്. ആ മാരകശക്തി എങ്ങിനെ പ്രവർത്തിക്കുന്നുവെന്നതാണ് നോവലിലെ കഥ. ആരാണ് ഈ വിഷകന്യകയുടെ ഇരകൾ; അതിനുത്തരം നല്കേണ്ടതു മറ്റൊരു രാജ്യമാണ്.

തിരുവിതാംകൂർ ഇന്ത്യയിലെ ഒരു ചെറിയ നാട്ടുരാജ്യമാണ്. ആകെ ഏഴായിരത്തിൽ ചില്വാനം ചതുരശ്രനാഴികയേ അതിനു വിസ്തീർണ്ണമുള്ളൂ. പക്ഷേ, മണ്ണും കല്ലും എന്നതിൽ കവിഞ്ഞ ഒരു തിരുവിതാംകൂറുണ്ട്—മനുഷ്യരുടെ ഒരുകൂട്ടം, അറുപത്തഞ്ചു ലക്ഷമെന്ന സംഖ്യ വലിയ സംഖ്യകളുള്ള ഇന്ത്യയിൽ അത്രകാര്യമായി തോന്നുകയില്ല. എങ്കിലും, തിരുവിതാംകൂറിലെ ജനസംഖ്യ ഫിൻലാന്റിന്റെ ഇരട്ടിയാണെന്നോ ആസ്ത്രേലിയായുടെ ജനസംഖ്യയാണെന്നോ എല്ലാം പറയുമ്പോൾ മനസ്സിലാകും ആ ജനസംഖ്യയുടെ ഭാരിച്ച കനം. ഇത്ര ചെറിയ ഒരു രാജ്യത്തു കൃഷിക്കു സ്ഥലമില്ലാതിരിക്കുക വളരെ സഹജമാണല്ലോ. മധ്യതിരുവിതാംകൂറിലും വടക്കൻ തിരുവിതാംകൂറിലും ഉള്ള കൃഷിക്കാരിൽ ഭൂരിപക്ഷത്തിനും കൃഷിചെയ്യാൻ സ്ഥലമില്ല. രാജ്യത്തിന്റെ മൂന്നിലൊന്നു വരുന്ന വനമാണെങ്കിൽ ഗവണ്മെന്റ് ഭൂതം നിധികാക്കുന്നതുപോലെ വെച്ചുകൊണ്ടിരിക്കുകയുമാണ്! ഈ പരിതസ്ഥിതിയിലാണ് വടക്കുമലബാറെന്നൊരു സ്ഥലമുണ്ടെന്നും അവിടെ വളരെ ചുരുങ്ങിയ വിലയ്ക്കു സ്ഥലംകിട്ടുമെന്നും ഉള്ള വാർത്ത അവരുടെ ചെവിയിൽ എത്തുന്നത്—ജോൺ സ്റ്റീൻബെർക്കിന്റെ 'കോപത്തിന്റെ കനികൾ' എന്ന നോവലിലെ ഓക്‌ലാഹോമായിൽ നിർദ്ധനരായിത്തീർന്ന കർഷകർ കാലിഫോർണിയയിൽ സ്ഥലമുണ്ടെന്നു കേൾക്കുന്നതുപോലെ. ഓക്‌ലാഹോമക്കാർ കൂട്ടത്തോടെ കാലിഫോർണിയയിലേക്ക് പ്രയാണമാരംഭിച്ചു; തിരുവിതാംകൂർ കൃഷിക്കാർ മലബാറിലേക്കും. ഈ പ്രയാണമാണ് 'വിഷകന്യക'യിലെ ആദ്യഭാഗം. തിരുവിതാംകൂറിലെ ഒരു ഗ്രാമത്തിൽനിന്നു കുലുങ്ങിക്കുലുങ്ങിവരുന്ന ഒരു വണ്ടിയുടെ കൂടെ ശ്രീ. എസ്.കെ. പുറപ്പെടുന്നു. വഴിയ്ക്കു മറ്റു യാത്രക്കാരെയുംകൂട്ടി ആ സംഘം മലബാറിലെത്തുന്നു. അവരാരും വീരസാഹസകഥകൾ തേടി പുറപ്പെടുന്നവരല്ല. വെറും ജീവിതത്തിനുവേണ്ടിമാത്രം കൃഷിചെയ്യുവാൻ മണ്ണ് അന്വേഷിച്ച് ഇറങ്ങിത്തിരിക്കുകയാണ്. ആ തീർത്ഥാടകരുടെ മാനസികപശ്ചാത്തലത്തിലേക്കു ചുഴിഞ്ഞിറങ്ങാൻ ശ്രീ. പൊറ്റേക്കാട്ടിനു കഴിഞ്ഞിട്ടുണ്ട്. അവർക്ക് ആശകളുണ്ട്, ആശങ്കകളും. ഒരു പുതിയ സാമ്രാജ്യം വെട്ടിപ്പിടിക്കാൻ പോകുന്ന അവർ അജ്ഞാതമായ പല അപകടങ്ങളെയും ഭയപ്പെടുന്നുണ്ട്. എങ്കിലും, നെഞ്ഞൂക്കുള്ള മറ്റേതു വർഗ്ഗത്തിനുമെന്നപോലെ ആശകളാണ് അവരിൽ മുന്നിട്ടുനില്ക്കുന്നത്. തലമുറകളായി കരിങ്കൽപാറകൾ ഇടിച്ചുനിരത്തി കൃഷിസ്ഥലങ്ങളാക്കിത്തീർത്ത പാരമ്പര്യം അവർക്ക് ആത്മധൈര്യം നല്കുന്നുണ്ട്. നീണ്ട യാത്രയിൽ ഓരോ ഘട്ടത്തിലും അവർക്ക് അസുഖകരമായ അനുഭവങ്ങൾ ഉണ്ടാകുന്നു. ആലുവായ്ക്കുള്ള ബസ്സിലെ കണ്ടക്ടറുടെ പെരുമാറ്റവും, ചവുക്കയിലെ എക്സൈസുകാരുടെ കൈക്കൂലിയും, തീവണ്ടിയിലെ തിരക്കും എല്ലാം ചേർന്ന് ഒരു പ്രത്യേകമാനസികാവസ്ഥയിലാണ് അവർ മലബാറിലെത്തുന്നത്. അങ്ങിനെ കഥയുടെ രണ്ടാംഭാഗം ആരംഭിക്കുന്നു.

കുടിയേറിപ്പാർപ്പുകാരുടെ ഗുണവും ദോഷവും ഒന്നും ശ്രീ. പൊറ്ററേക്കാട്ട് മറച്ചുവെക്കുന്നില്ല. അവർക്കു പൊതുവേയുള്ള സ്വഭാവം ഭയവും സംശയവുമാണ്. മതത്തിലും, സംസ്കാരത്തിലും ആകെക്കൂടി ഭിന്നമായ ഒരു രാജ്യത്താണ് അവരെത്തിയിരിക്കുന്നത്. ഉച്ചാരണരീതിതന്നെ ഭിന്നമായതുകൊണ്ട്, വന്നവരും നാട്ടുകാരും തമ്മിൽ അകൽച്ചയ്ക്കൊരു കാരണം ആദ്യമേ ഉണ്ടാകുന്നു. വന്നവർക്കാണെങ്കിൽ നാട്ടുകാരെപ്പറ്റി വളരെ പുച്ഛമാണ്. ഇത്ര നല്ലസ്ഥലം വെറുതേയിട്ടു പട്ടിണി കിടക്കുന്ന മഠയന്മാർ എന്നാണവർ വിചാരിക്കുന്നത്. ഇതിനൊക്കെ പുറമേ മലബാറിലെ ജന്മിമാർ കുപ്രസിദ്ധരുമാണല്ലോ. ഇങ്ങിനെ സ്വാഗതരഹിതമായി വന്നുകയറിയ ആ അതിഥികളുടെ ജീവിതം 'വിഷകന്യക'യിൽ പ്രത്യംഗം വർണ്ണിച്ചിട്ടുണ്ട്. അതൊരു സമരത്തിന്റെ ചരിത്രമാണ്—മനുഷ്യന്റെ മഹിമയേറിയ ഒരു ഐതിഹാസികസമരം. കാക്കിയും പെരുമ്പറയുംകൊണ്ടല്ല, മനുഷ്യനെ കുത്തിക്കീറിയിട്ടല്ല, മനുഷ്യന്റെ നെഞ്ചുകൊണ്ടു കരിങ്കല്ലിടിച്ചുപൊടിച്ച പ്രകൃതിയെ കയ്യടക്കിയിട്ട്, മലബാറിലെ തരിശുനിലങ്ങൾ ഓരോന്നായി തെളിയുന്നു, ഓണംകേറാമൂലകൾ കൃഷിസ്ഥലങ്ങളായി മാറുന്നു. അതാ, ആ മറിയത്തിനെ നോക്കു ഉദയംമുതൽ അസ്തമയംവരെ അവർ പണിയെടുക്കുകയാണ്. ഒരു പുതിയ ലോകത്തെ സൃഷ്ടിക്കുകയാണ്. മറിയത്തിന്റെ—മറിയം പ്രതിനിധീകരിക്കുന്ന കർഷകവർഗ്ഗത്തിന്റെ—ദൈവം മണ്ണാണ്. അവർക്കു വഴിയും സത്യവും ജീവനും മണ്ണാണ്; അതു കൊടുക്കുന്ന എന്തിനേയും അവർ സ്വീകരിക്കും. അതിനെ അവരിൽനിന്ന് എടുത്തുകളയുന്ന എന്തിനേയും, ചൈനീസ് ജനതയെപ്പോലെ, അവർ തുത്തുമാറ്റും. അങ്ങിനെ സമരത്തിന്റെ ഒന്നാമങ്കം വിജയകരമായി നടന്നു. കാടും പള്ളവും വെട്ടിത്തെളിച്ചു, നരിയേയും പാമ്പിനേയും ഓടിച്ച് അവർ അധിവാസമുറപ്പിച്ചു. കൂണുപോലെ അവിടവിടെ കാണുന്ന കുടിലുകൾ ഒരു പുതിയതരം സൈന്യത്തിന്റെ കൂടാരങ്ങളാണ്. വിഷകന്യക കടാക്ഷിച്ചു, കൈമാടിവിളിച്ചു. വരേണ്ടവർ വന്നു. ആശ്ലേഷത്തിനും താമസമുണ്ടായില്ല.

മൂന്നു വഴിയായിട്ടാണ് വിഷം കയറിത്തുടങ്ങിയത്. ഒരു വശത്തുനിന്ന് പുല്ലുപറിച്ച് സ്ഥലം വൃത്തിയാക്കുന്ന മറിയം കണ്ടത് മറുവശത്തുനിന്ന് പടർന്നുപിടിച്ചുവരുന്നതാണ്. അതങ്ങിനെ ചാകാത്ത ഒരുതരം പുല്ലാണ്. അതിനെ മനുഷ്യന്റെ വിയർപ്പിൽ മുക്കിക്കൊല്ലുകയല്ലാതെ ഗത്യന്തരമില്ല. വളരെ കഷ്ടിച്ചു എവിടെയെങ്കിലും അല്പം കൃഷി ചെയ്താൽ അത് കാട്ടുപന്നിക്ക് ഒരു നായാട്ടുരംഗമായി തീരും. പന്നി ബാക്കിവെച്ചത് വിളവെടുക്കാറാകുമ്പോഴേക്കും മലമ്പനി വന്നു കൃഷിക്കാർ ചത്തുതുടങ്ങുകയായി. ഈ വിഷജ്വാലകളേറ്റ് കുടിയേറ്റക്കാർ ഒട്ടുമുക്കാലും ചാവുകയാണ് ചെയ്യുന്നത്. നാമാവശേഷമായിപ്പോയിട്ടുള്ള കുടുംബങ്ങളുടെ കണക്ക് ഒരു പട്ടികയിലും ഒതുങ്ങുകയില്ല. ഈ രംഗം പ്രകൃതിയുടെ ചുടലനൃത്തമാണ്. ഇതാണ് 'വിഷകന്യക'യിൽ ഏറ്റവും വിശദമായി കാണിച്ചിരിക്കുന്ന കാര്യം. ഇതോടുകൂടി ശ്രീ. പൊറ്റേക്കാട്ട് കഥ നിറുത്തുകയാണ്. വിഷകന്യക അന്ത്യവിജയം സമ്പാദിച്ചതായി നോവലിൽ കാണുകയില്ല. വിഷകന്യകയെ ഭയപ്പെട്ട് ഓടുന്ന അന്തോണിയുടെ ചെവിയിൽ വന്നലയ്ക്കുന്നത്, മരംവെട്ടുന്ന ശബ്ദമാണ്. ആ സമരമവസാനിച്ചിട്ടില്ല. മനുഷ്യരുടെ സംഖ്യാബലം കൊണ്ടോ ദൃഢനിശ്ചയം കൊണ്ടോ വിഷത്തിന്റെ ശക്തിയാണുകുറയുന്നത്. പ്രകൃതിയാണു പരാജയപ്പെടുന്നത്. എങ്കിലും വിജയം പൂർണ്ണമായിട്ടില്ല. ഈ നോവലിന് ഒരു ഭാഗംകൂടിയുണ്ടാവാനുള്ള ലക്ഷണങ്ങൾ 'വിഷകന്യക'യിൽ കാണുന്നുണ്ട്.

ഐതിഹാസികമായ ഒരു വിഷയമുണ്ടെങ്കിലേ ഒരു നോവൽ നന്നാവൂ എന്ന് റാൽഫ് ഫോക്സ് പറഞ്ഞിട്ടുണ്ട്. ശതാബ്ദങ്ങളായി പൂജിക്കപ്പെടുന്ന അടിമത്വവും കഞ്ചാവിലും കഷ്ടമായ ഒരു മതവുമായി കഴിയുന്ന കേരളത്തിൽ ഐതിഹാസിക സംഭവങ്ങൾ അധികമില്ല. കുറച്ചുള്ളതിൽ വളരെ നല്ല ഒന്നാണ് ശ്രീ. പൊറ്റെക്കാട്ട് നോവലിനുവേണ്ടി തെരഞ്ഞെടുത്തത്. അതിൽ ശ്രീ. പൊറ്റെക്കാട്ടിനെ അഭിനന്ദിക്കുകതന്നെ വേണം. പ്രത്യേകിച്ചൊരു നായകനും നായികയുമില്ലാതെ ഒരു ജനതയുടെ ജീവിതസമരംതന്നെ ഇതിവൃത്തമാക്കിയെടുത്ത നോവലുകൾ വളരെ കുറയും. പേൾ ബക്കിന്റെ 'നല്ല മണ്ണ്' എന്ന നോവലിലും കൃഷിക്കാരൻ മണ്ണിനെ ദൈവമാക്കുന്നത് കാണിച്ചിട്ടുണ്ട്. പക്ഷേ, അവിടെ ഒരു വ്യക്തിക്ക് പ്രാധാന്യം കൊടുത്തിട്ടുണ്ട്. കഥാഘടന പരിപൂർണ്ണമായിട്ടുണ്ടെന്നു പറയാൻ നിവർത്തിയില്ല. അനാവശ്യമായ ഒരു അപസർപ്പകകഥയും, 'അറബി'ക്കഥയും മറ്റും വലിച്ചുകൊണ്ടുവന്നതു കൊണ്ടാണെന്നുതോന്നുന്നു ഏകാഗ്രതയ്ക്കു വല്ലാത്ത കോട്ടം സംഭവിച്ചിട്ടുണ്ട്. കള്ളനോട്ടടിയും ശിക്കാരിയും ബാലിശമായ കഥകളാണെന്ന് ശ്രീ. പൊറ്റെക്കാട്ട് അറിയാഞ്ഞിട്ടല്ല. നാട്ടിലുള്ള അമേരിക്കക്കാർക്കുകൂടി എന്തെങ്കിലും ഇരിക്കട്ടെ എന്ന് ശ്രീ. പൊറ്റെക്കാട്ട് കരുതിയിട്ടായിരിക്കണം വിഷകന്യകയായി പ്രവേശിക്കുന്ന മാധവിക്ക് കഥയിൽ ഒരു പ്രത്യേകസ്ഥാനമുണ്ട്. വളരെ വ്യത്യസ്തമായ ഒരു സന്മാർഗ്ഗമുറയുടെ പ്രതിനിധിയാണവൾ. മാധവിയുടെ സ്വഭാവചിത്രീകരണവും ഒന്നാംതരമായിട്ടുണ്ട്. പക്ഷേ, മാധവിയെപ്പറ്റിയുള്ള ഉപകഥ മനശാസ്ത്രപരമായി നന്നായിട്ടില്ല. മാധവി ഒരു വിഷകന്യകയല്ല. പുരുഷസ്പർശമേല്ക്കാൻ കൊതിക്കുന്ന ഒരു പെണ്ണുമാത്രം. പോരെങ്കിൽ അന്തോണിയുടെ ചിത്രം ശരിയായിട്ടുമില്ല. അന്തോണിയെപ്പോലുള്ള ആളുകൾ ഇല്ലെന്നല്ല. ഭീരുത്വവും, സ്ത്രീവിദ്വേഷവും, മതവൈരാഗ്യവും എല്ലാം കൂടിച്ചേർന്ന ചില സത്വങ്ങൾ അങ്ങിനെയുണ്ട്. പക്ഷേ, അവർക്ക് ഒരിക്കലും മാധവിയുടെ ആഗ്രഹങ്ങളെ ചെറുക്കാൻ ശക്തിയുണ്ടാവില്ല. പ്രത്യേകിച്ചും, അന്നത്തെ രാത്രിയിലെ ആ സംഭവം കഴിഞ്ഞ് അവൻ അവളുടെ അടിമയായിത്തീരുകയേ ഉള്ളൂ. ഉള്ളിൽവേണ്ടത്ര ബലമില്ലാത്തവരാണ് പുറത്തു അസഹ്യമായ സന്മാർഗ്ഗം ആചരിക്കുന്നത്. മാധവിയുടെ മുമ്പിൽ നിവർന്നുനില്ക്കാൻതന്നെ അന്തോണിക്ക് കഴിയുന്നില്ല. അന്തോണിയുടെ സന്മാർഗ്ഗബോധം ആത്മാവിൽ നിന്നുവരുന്ന ഒരു പ്രചോദനമല്ല, നിത്യവും വായിക്കുന്ന ബൈബിളിൽ നിന്ന് കടംവാങ്ങിയതാണ്.

പ്രതിപാദനരീതിയിൽ ഒരു കാര്യം പ്രത്യേകം എടുത്തുപറയേണ്ടതുണ്ട്. കുടിയേറ്റക്കാരുടെ ജീവിതരീതികളും സംഭാഷണവും ശ്രീ. പൊറ്റെക്കാട്ടിന്റെ ഒരു വിജയമാണ്. ചുരുങ്ങിയ ഒരു പരിചയം മാത്രം വെച്ചുകൊണ്ട് മറ്റൊരു നാട്ടിൽ നിന്നുവരുന്ന ഇവരുടെ സംഭാഷണം ഏതാണ്ട് പരിപൂർണ്ണമായി പകർത്തുകയെന്നത് വളരെ വിഷമകരമായ ഒരു കാര്യമാണ്.

വിഷകന്യകയെഴുതിയതിൽ ശ്രീ. പൊറ്റെക്കാട്ടിന് വ്യക്തമായ ഒരു സാമൂഹ്യലക്ഷ്യമുണ്ട്. പട്ടാളച്ചിട്ടയൊന്നും കൂടാതെതന്നെ അദ്ദേഹമതു സാധിച്ചിട്ടുമുണ്ട്. കുടിയേറിപ്പാർപ്പുകാരും നാട്ടുകാരും തമ്മിൽ ഉള്ള പരസ്പരവിദ്വേഷം മാറ്റുകയെന്നതാണത്. ഇരുകൂട്ടരുടേയും ചിന്താഗതി വ്യക്തമായിക്കാണിച്ച് പരസ്പരം മനസ്സിലാക്കിയാണ് ശ്രീ. പൊറ്റെക്കാട്ട് സൗഹാർദ്ദം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. നാട്ടുകാരുടെ ഇടയിലെ ജന്മികളേയും കുടിയേറ്റക്കാരെ ചതിക്കുന്ന വഞ്ചകന്മാരെയും നിർദ്ദയമായി പൊറ്റെക്കാട്ട് വിമർശിക്കുന്നു. കുടിയേറിപ്പാർപ്പുകാരുടെ ഭയത്തിന്റെ ഫലമാണ് അവരുടെ കലഹവാസനയെന്നും നോവലിൽ വ്യക്തമാക്കിയിട്ടുണ്ട്. അവർ ചത്തപശുവിന്റെ ഇറച്ചി തിന്നുന്നതുമാത്രം കാണുന്ന നാട്ടുകാർക്ക്, അവരുടെ പ്രവൃത്തിയുടെ മാഹാത്മ്യം ഗ്രന്ഥകാരൻ ചൂണ്ടിക്കാണിച്ചുകൊടുക്കുന്നു. അവയുടെ പ്രയത്നം നേതാക്കന്മാരുടെ സഞ്ചാരവുംകമ്മറ്റി മീറ്റിംഗും പോലെ നിഷ്ഫലമല്ല. നേതാക്കന്മാരുടെ അന്ധമായ കണ്ണുകൾക്കു മുമ്പിൽത്തന്നെ അവർ ഒരൈക്യകേരളം കെടിപ്പടുക്കുകയാണ്. അതിന്റെ പ്രചരണമാണ് എസ്.കെ. നടത്തുന്നതും.

വിലയിരുത്തൽ 1951.

□

# സി. ജെ. തോമസ്



മലയാളഭാഷയിലെ ഒരു നാടകകൃത്തും സാഹിത്യ നിരൂപകനുമായിരുന്ന സി. ജെ. തോമസ് (നവംബർ 14, 1918–ജൂലൈ 14, 1960) എന്നറിയപ്പെടുന്ന ചൊള്ളമ്പേൽ യോഹന്നാൻ തോമസ്. മലയാള നാടകസാഹിത്യത്തെ ആധുനിക ഘട്ടത്തിലെത്തിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ച ഇദ്ദേഹം പത്രപ്രവർത്തകൻ, ചിത്രകാരൻ എന്നീ നിലകളിലും അറിയപ്പെട്ടിരുന്നു.

1918-ൽ കൂത്താട്ടുകുളത്തെ പ്രമുഖ ക്രിസ്തീയ വൈദികന്റെ മകനായി ജനിച്ച സി. ജെ. വൈദിക വിദ്യാർത്ഥിയായിരിക്കുന്ന സമയത്ത് ളോഹ ഉപേക്ഷിച്ച് തിരിച്ചുപോന്ന് വിപ്ലവം സൃഷ്ടിച്ചു. രണ്ട് വർഷക്കാലം വടകര സെന്റ് ജോൺസ് ഹൈസ്കൂളിലും തുടർന്ന് എം. പി. പോൾസ് കോളേജിലും അധ്യാപകനായി ജോലിനോക്കിയിരുന്ന അദ്ദേഹം പിന്നീട് അവസാനം വരെ പത്രപ്രവർത്തനരംഗത്ത് സജീവമായിരുന്നു. സാഹിത്യ പ്രവർത്തക സഹകരണസംഘം, ആകാശവാണി, ദക്ഷിണഭാഷാ ബുക്ക് ട്രസ്റ്റ് എന്നിവയിലും പ്രവർത്തിച്ചു.

സാഹിത്യ പ്രവർത്തക സഹകരണസംഘം വക പുസ്തകങ്ങളുടെ പുറംചട്ടകൾക്ക് അത്യധികം ആകർഷകങ്ങളായ ചിത്രങ്ങൾ വരച്ച് മലയാള പുസ്തകങ്ങളുടെ പുറംചട്ടരൂപകല്പനയുടെ രംഗത്ത് മാറ്റങ്ങളുടെ തുടക്കം കുറിച്ചത് സി. ജെ.-യാണ്.

പ്രസിദ്ധ സാഹിത്യകാരനായിരുന്ന എം. പി. പോളിന്റെ മൂത്ത പുത്രി റോസിയെയാണ് വിവാഹം ചെയ്തത്. റോസി തോമസ് സി. ജെ.-യുടെ മരണശേഷം അറിയപ്പെടുന്ന സാഹിത്യകാരിയായി.

പ്രശസ്ത കവയിത്രി മേരി ജോൺ കൂത്താട്ടുകുളം സി. ജെ. തോമസിന്റെ മൂത്ത സഹോദരിയായിരുന്നു. 1960 ജൂലൈ 14-ന് 42-ാം വയസ്സിൽ സി. ജെ. അന്തരിച്ചു.

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.